# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

*ooo* *ooo* *ooo*

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 13** **April** **1999** **No. 1**


## എഡിറ്റോറിയൽ

ക്രിസ്തുവിലായി തീരുക എന്നതു വളരെ പവിത്രവും മാന്യവുമായ ഒന്നാണ്. എന്നാൽ അതിന്റെ ദൈവികോദ്ദേശത്തെ അവഗണിക്കുന്ന പലരേയും നമുക്കു കാണാം. മനുഷ്യരെ ദൈവത്തിലേക്കു സംയോജിപ്പിക്കുന്ന സത്യമാർഗ്ഗമാണ് ക്രിസ്ത്യാനിത്വം. അല്ലാതെ അതൊരു പ്രത്യേക മത വിഭാഗ സംഘടനയല്ല. ഭൗതികമായ പല തെറ്റിദ്ധാരണകളും ക്രിസ്ത്യാനിത്വത്തിനെതിരായി ഉയർന്നിട്ടുണ്ട്. അതിനു ക്രിസ്തീയ മത സംഘടനകളും അവയുടെ നേതാക്കന്മാരും ഉത്തരവാദികളാണ്. സമൂഹത്തിൽ അറിയപ്പെടുന്ന, പ്രചാരത്തിലുള്ള ഭൂരിഭാഗം പേരെയും ആണ് ആളുകൾ ശ്രദ്ധിക്കാറുള്ളത്. ഭൗതികവും ആത്മികവുമായ കാര്യങ്ങളെ സമ്മിശ്രമാക്കി മുൻപോട്ടു പോകുന്ന മതവിഭാഗങ്ങളിൽ / അംഗങ്ങളായിരിക്കുന്നവർ ഒരൊഴുക്കിൽപെട്ടു നീന്തിക്കൊണ്ടിരിക്കയാണ്. മനുഷ്യജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി എന്തെന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനുള്ള വിവേകമാണ് എല്ലാവർക്കും വേണ്ടത്. ദൈവം മനുഷ്യനായി ഭൂമിയിൽ വന്നതു പാപത്തിൽ അകപ്പെട്ട പാപികളെ ദൈവത്തോടു നിരപ്പാക്കുന്നതിനായിരുന്നുവല്ലൊ. അതിനുവേണ്ടി സ്വയം ത്യജിച്ചു മനുഷ്യ നന്മക്കായി മരണത്തോളം നിലകൊണ്ടു. ആ സത്യം നാം ഒരിക്കലും മറക്കരുത്.

പാരമ്പര്യത്തിൽ വിശ്വസിക്കുന്ന ആളുകൾ ധരിച്ചു

വെച്ചിരിക്കുന്നതു പാരമ്പര്യ ക്രിസ്തീയ ഭവനത്തിൽ ഭൗതികമായി ജനിക്കുന്നവരെല്ലാം ക്രിസ്ത്യാനികൾ ആണെന്നാണ്. അംഗത്വത്തിനു പള്ളിക്കാർ വെച്ചിരിക്കുന്ന ചടങ്ങുകൾ ചെയ്യണമെന്നു മാത്രമാണ് അതിനുള്ള അവരുടെ ഉപാധി. ഇതു തെററായ ഉദ്ദേശങ്ങൾക്കായി ചെയ്യുന്ന തെററായ ആചാരങ്ങളാണ്. ദൈവേഷ്ടം ഇതിനു വിരുദ്ധമാണ്. ആത്മീക ജനനം കൊണ്ടു മാത്രമെ ഒരാൾ ക്രിസ്തുവിൽ ആയി തീരുകയുള്ളു. ഏതു രാജ്യമാണ്, ഏതു പാരമ്പര്യത്തിൽ, ഏതു മതത്തിൽ വിശ്വസിക്കുന്നവരുടെ വീട്ടിൽ ജനിച്ചാലും വീണ്ടും ജനനം കൂടാതെ ദൈവ രാജ്യത്തിൽ ആർക്കും പ്രവേശനമില്ല. ബാഹ്യമായ ചില കാര്യങ്ങൾ ദൈവം ചെയ്യുവാൻ കല്പിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. അതു ആന്തരീക വ്യക്തിത്വത്തിനു മാററം ഉണ്ടാകാതെ ചെയ്യുന്നതുകൊണ്ടു ഫലമില്ലാ എന്നു പിൽക്കാലത്തു അവർ തന്നെ തെളിയിക്കും. പ്രലോഭനങ്ങൾ നിമിത്തം ആരും ക്രിസ്ത്യാനികൾ ആകരുത്, സമ്മർദ്ദം നിമിത്തം ആകരുത്. സ്വമനസാലെ ആത്മാവിൻെറ രക്ഷക്കും നിത്യജീവനും വേണ്ടിയായിരിക്കണം. തെററായ ഉദ്ദേശങ്ങൾ മനസിൽ സംഗ്രഹിച്ചുകൊണ്ടു പുറമെ വചനം അനുസരിക്കുന്നവരുമുണ്ട്. ഇതു ദൈവത്തെ കബളിപ്പിക്കുന്നതിനു തുല്യമാണ്. കാരണം ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ് ദൈവം. മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരിക്കരുത് ആരെങ്കിലും ക്രിസ്ത്യാനിയാവുന്നത്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടി ആയിരിക്കണം.

തെററായ മാനദണ്ഡങ്ങൾ ഏതെല്ലാമെന്നു അറിഞ്ഞിരുന്നാൽ അതെല്ലാം ഒഴിവാക്കാം. വിവാഹത്തിനു വേണ്ടി സ്നാനം കഴിപ്പിക്കുന്ന ഏർപ്പാടു സ്വീകരിച്ചിരിക്കുന്നവർ ഉണ്ട്. അതും വചന വിരുദ്ധമാണ്.

★

# വാഗ്ദത്ത രാജ്യം (സഭ) ഒരുനാളും നശിക്കയില്ല

J. C. ചോട്ട്

ഒരുനാളും നശിച്ചുപോകാത്തതും എന്നേക്കും നിലനില്ക്കുന്നതുമായ ഒരു രാജ്യം കർത്താവു സ്ഥാപിക്കും എന്നു ദാനിയേൽ പ്രവചിക്കയുണ്ടായി (ദാനിയേൽ 2:44). അതെപ്പോൾ, എവിടെ അതു സ്ഥാപിതമാകും എന്നറിയിച്ചിരുന്നു. വേറെയും അനേക പ്രവചനങ്ങൾ ഉണ്ട് (യെശയ്യാവ് 2:2-3; യോവേൽ 2:28,29).

യോഹന്നാൻ സ്നാപകൻ വന്നു ദൈവ രാജ്യം അടുത്തിരിക്കുന്നു എന്നു പ്രസംഗിച്ചു (മത്തായി 3:1-2). ക്രിസ്തു ദൈവ രാജ്യത്തെ കുറിച്ചു പ്രസംഗിച്ചു. രാജ്യം ശക്തിയോടുകൂടെ വരുന്നതു അന്നു ജീവനോടെ ഇരിക്കുന്നവർ കാണും എന്നു ക്രിസ്തു പറഞ്ഞു (മർക്കൊസ് 9:1). ദൈവരാജ്യം വരേണ്ടതിന്നു പ്രാർത്ഥിപ്പാനായി ശിഷ്യന്മാരോടു യേശു പറയുകയുണ്ടായി (മത്തായി 6:10).

ക്രിസ്തു ദൈവ പുത്രനാണെന്നു അപ്പൊസ്തലന്മാർ ഏററു പറഞ്ഞപ്പോൾ, ആ സത്യമായ പാറമേൽ തന്റെ സഭയാകുന്ന രാജ്യം പണിയും എന്നു കർത്താവു അരുളിച്ചെയ്തു. ആ രാജ്യം മററാരു ശക്തിക്കും ഏല്പിച്ചു കൊടുക്കയില്ല എന്നും പറഞ്ഞു (മത്തായി 16:18-19). പിന്നീട് എബ്രായ ലേഖകൻ, ആ രാജ്യം പ്രാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 12:28). കൊലൊസ്സ്യർക്കു പൌലൊസ് ലേഖനമെഴുതുമ്പോൾ, തന്നെയും കൂടെ ഉൾപ്പെടുത്തി പറയുന്നതു: പിതാവു നമ്മെ ഇരുട്ടിൽ നിന്നു വിടുവിച്ചു തന്റെ പുത്രന്റെ രാജ്യത്തിലാക്കി തീർത്തിരിക്കുന്നു എന്നത്രെ (കൊലൊസ്സ്യർ 1:13-14).

## എന്നാൽ എപ്പോഴാണ് രാജ്യം അഥവാ സഭ സ്ഥാപിച്ചത് ?

തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷം യേശു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായി പറഞ്ഞതു: ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. അതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു (ലൂക്കൊസ് 24:46-49).

പിതാവിന്റെ അടുക്കൽ പോകുന്നതിനു തൊട്ടുമുൻപ് അവൻ അപ്പൊസ്തലന്മാരോടു പറഞ്ഞു: എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിലും എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അററത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് (പ്രവൃത്തി 1:8).

അപ്പൊസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിലേക്കു നോക്കുമ്പോൾ പ്രവചനങ്ങളിൽ വാഗ്ദാനം ചെയ്ത രാജ്യം അഥവാ സഭ സ്ഥാപിച്ചതിന്റെ നിവർത്തീകരണം നടന്നതായി കാണാം. യേശുവിന്റെ ഉയർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോഴാണ് അതു സംഭവിച്ചതു. ലോകത്തിലെങ്ങുമുള്ള യഹൂദന്മാർ സമ്മേളിക്കുന്ന അവരുടെ ഒരു പെരുന്നാളായിരുന്നു പെന്തെകൊസ്ത്. യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തേക്കു സുവിശേഷം എത്തിക്കുന്നതിനാണ് കർത്താവ് ഈ ദിവസം തിരഞ്ഞെടുത്തത്. ആ ഉദ്ദേശം നടക്കുകയും ചെയ്തു.

യെരുശലേമിൽ ആ പെന്തെക്കൊസ്തു നാളിൽ ധാരാളം പുരുഷന്മാർ ഒരുമിച്ചു കൂടിയിരുന്നു. പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ പകരുകയും അതിന്റെ ഫലമായി ആത്മാവു അവർക്ക് ഉച്ചരിപ്പാൻ നല്കിയതു പോലെ അവർ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. ആ പുരുഷാരത്തോടു അവർ ക്രിസ്തുവിനെ പ്രസംഗിച്ചു. അതിന്റെ ഫലമായി ആളുകൾ അതു കേട്ടു വിശ്വസിച്ചു. അവർ എന്തു ചെയ്യണമെന്നു അവരോടു ചോദിക്കയുമുണ്ടായി. അവർ അവരോടു ഓരോരുത്തരോടും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38). അവരുടെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനം ഏററു. അന്നു 3000 പേർ സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തി 2:41). രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനംപ്രതി സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2:47).

ആകയാൽ പെന്തെക്കോസ്തു നാളിൽ യെരുശലേമിൽ സഭ സ്ഥാപിക്കയുണ്ടായി (അന്നു ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു). യേശുവിന്റെ ഉയിർപ്പിനുശേഷം എ. ഡി. 33-ൽ ആയിരുന്നു സ്ഥാപനം.

അന്നു മുതൽ നിലനില്ക്കുന്ന ഒന്നാണ് രാജ്യം അഥവാ സഭ. യേശുവിന്റെ ജനനത്തെ കുറിച്ച് പറയുമ്പോൾ സൂചിപ്പിച്ചതു നമുക്കു വായിക്കാം. "അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല (ലൂക്കൊസ് 1:33). അപ്പൊസ്തല പ്രവൃത്തികളിലും തുടർന്നുള്ള ലേഖനങ്ങളിലും ഇതിനെ കുറിച്ചു പ്രതിപാദിച്ചിരിക്കുന്നതു നോക്കുക.

അനേകം ക്രിസ്ത്യാനികൾക്കും ഇടവകക്കാർക്കും വീഴ്

ച്ച അഥവാ വിശ്വാസത്യാഗം സംഭവിക്കും എന്നു അപ്പൊസ്തലനായ പൌലൊസ് എഴുതി അറിയിച്ചിട്ടുണ്ട്. ആത്മാവ് എഴുതുവാനായി അവനെ നയിക്കുകയായിരുന്നു. എന്നാൽ ഭാവി കാലത്തു ചിലർ വ്യാജാത്മാക്കളേയും ഭൂതങ്ങളേയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും (1 തിമൊഥെയൊസ് 4:1-4). 2 തെസലൊനിക്യർ രണ്ടാം അദ്ധ്യായം ഒന്നു മുതൽ നാലുവരെയുള്ള വാക്യങ്ങളിൽ പൌലൊസ് ഇങ്ങനെയുള്ള വീഴ്ച്ചയെ കുറിച്ചു പറയുന്നുണ്ട്.

അനധികൃതവും വചന വിരുദ്ധവുമായ രീതിയിലുള്ള സഭാ സംഘടിപ്പിക്കൽ നിമിത്തമാണ് ഇങ്ങനെയുള്ള വീഴ്ച്ചയും അകൽച്ചയും സംഭവിക്കുന്നത്: ഓരോ ഇടവകയിലും യോഗ്യതയുള്ള മൂപ്പന്മാരും ശുശ്രൂഷകന്മാരും വേണമെന്നും ഓരോ ഇടവകയും സ്വയം ഭരണത്തിലായിരിക്കണമെന്നതുമാണ് ദൈവത്തിൻെറ പദ്ധതി (1 തിമൊഥെയൊസ് 3; തീത്തൊസ് 1). അങ്ങനെയായാൽ ഏതെങ്കിലും ഒരു ഇടവക വീണു തെററിപോയാലും മററുള്ളവ സത്യത്തിൽ നിലനില്ക്കും.

സഭ സ്ഥാപിച്ചശേഷം, അതു വളർന്നു ലോകം മുഴുവൻ വ്യാപിച്ചു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ മൂപ്പന്മാരിൽ ചിലർ അധികാരത്തിനുവേണ്ടി മുഖ്യ മൂപ്പന്മാരായി അറിയാൻ തുടങ്ങി. ക്രമേണ അനേകം ഇടവകകളെ ഭരിക്കുന്നതു ഒരു അദ്ധ്യക്ഷൻ ഏറെറടുത്തു. അങ്ങനെയാണ് ആറാം നൂററാണ്ടോടു കൂടെ കത്തോലിക്കാ സഭ നിലവിൽ വന്നതു. പിന്നീട് റോമാ എന്നും ഗ്രീക്ക് എന്നും രണ്ടായി അതു പിളർന്നു.

1500-ൽ ആണ് മാർട്ടിൻ ലൂഥർ നവോത്ഥാന പ്രസ്ഥാനം ആരംഭിച്ചതു. കത്തോലിക്കാ സഭയെ നവീകരിക്കാൻ ശ്രമിക്കയും ചെയ്തു. അതു വിജയിച്ചില്ല. തൽഫലമായി എതിർ ഗ്രൂപ്പുകൾ ഉടലെടുത്ത്, പിരിഞ്ഞു പിരിഞ്ഞാണ് ഇന്നു ലോകത്തിൽ കാണുന്ന നാമധേയ വിഭാഗങ്ങൾ എല്ലാം ഉണ്ടായത്.

1700 നും 1800 നും ഇടക്കാണ് യൂറോപ്പിലേയും അമേരിക്കയിലേയും ധാരാളം നാമധേയ വിഭാഗക്കാർ ഒത്തുചേർന്നു അവർ പ്രൊട്ടസ്റ്റൻറ് എന്നോ കത്തോലിക്ക എന്നോ അറിയപ്പെടാൻ താല്പര്യപ്പെടാതെ ബൈബിളിലേക്ക് മടങ്ങി പോകാൻ ആഗ്രഹിക്കുകയും ക്രിസ്ത്യാനികൾ എന്നു മാത്രം അറിയപ്പെടാൻ ശ്രമിക്കയും ചെയ്തു. അങ്ങനെയാണ് അമേരിക്കയിലും യൂറോപ്പിലും സഭയുടെ പുനരേകീകരണം ആരംഭിച്ചത്. ക്രിസ്തുവിൻെറ സഭയുടെ നിലനില്പ് അങ്ങനെ തുടർന്നു വരുന്നു.

അന്നു വരെയും സഭ ഒരു സ്ഥലത്തല്ലെങ്കിൽ മററാരു സ്ഥലത്തുണ്ടായിരുന്നു എന്നോർക്കുക. ബൈബിളിൽ വായിക്കുന്ന ഏക സഭയിലേക്കു തിരിച്ചു വരുന്നവർ, വിശ്വാസത്തിലും, ആരാധനയിലും പരിശീലനത്തിലും വേദപുസ്തക മാതൃക പിൻപററാൻ തീരുമാനിച്ചു. ഭാവിയിലും ക്രിസ്ത്യാനിത്വത്തെ അതിൻെറ സത്യത്തിലും ലാളിത്യത്തിലും സൂക്ഷിക്കുവാൻ അവർ തയ്യാറായി. എണ്ണത്തിൽ കുറവായാലും സത്യസഭ പ്രവചിച്ചതു പോലെ ആർക്കും ഒരിക്കലും നശിപ്പിക്കുവാൻ സാദ്ധ്യമല്ല. കർത്താവിൻെറ വീണ്ടും വരവു വരെ വിശ്വസ്തരായ ക്രിസ്ത്യാനികൾ അവൻെറ സഭയിലുണ്ടാകും. (1 തെസലൊനിക്യർ 4; 17). ന്യായവിധിക്കു ശേഷം രാജ്യം കർത്താവ് പിതാവിനെ ഏല്പിക്കും. (1 കൊരിന്ത്യർ 15:24).

★

# സംഭാവന അല്ലെങ്കിൽ അർപ്പണം

## ഡോൺ വില്ല്യംസ്

ഒരു ദിവസത്തെ അദ്ധ്വാനത്തിനുശേഷം കണ്ടു മുട്ടിയ പന്നിയുടേയും കോഴിയുടേയും ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ താമസിക്കുന്ന വീട്ടിൽ എനിക്കു വലിയ ഭാരമുള്ള ജോലിയൊന്നുമില്ല. പക്ഷെ ആ വീട്ടുകാർ ഒരു ദിവസം 10 മുട്ടയെങ്കിലും ഉപയോഗിക്കുന്നുണ്ട് എന്നു കോഴി പറഞ്ഞു. ഞാൻ ക്ഷീണിച്ചു മടുത്തു എന്നു പന്നിയും മറുപടി പറഞ്ഞു. നീ നിൻെറ സംഭാവന എല്ലാം അവർക്കു കൊടുക്കുന്നു എന്നാൽ ഞാൻ താമസിക്കുന്ന വീട്ടുകാർ എന്നെത്തന്നെ മേശയിലേക്കു എടുത്തുവെക്കുന്ന സമയം നോക്കിയിരിക്കയാണ് ഞാൻ എന്നുകൂടെ പന്നി പ്രസ്താവിച്ചു.

ഈ കഥ, ഓർമ്മിച്ച് സഭയിൽ ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ ധർമ്മശേഖരത്തിനായി മുൻപിൽ എത്തുന്ന പ്ലെയിറ്റോ സഞ്ചിയോ കാണുമ്പോൾ നമ്മുടെ സമീപനം എന്തായിരിക്കും. നമ്മുടെ സംഭാവന എപ്രകാരമായിരിക്കും ? കർത്താവു നമുക്കു നല്കിയതുമായി താരതമ്മ്യം ചെയ്താണോ നാം കർത്താവിനു കൊടുക്കുന്നതു. വാസ്തവത്തിൽ നാം ഒരു അർപ്പണ ബോധത്തോടെയാണോ ഇതു ചെയ്യുന്നത് ?

നമുക്കുവേണ്ടി കർത്താവിനു കൊടുക്കേണ്ടിവന്ന സംഭാവനയെ നിങ്ങൾ വാസ്തവത്തിൽ കണക്കിലെടുത്തിട്ടുണ്ടോ ? ഓരോരുത്തൻ വ്യക്തിപരമായി ചെയ്യേണ്ട കർത്തവ്യമാണ് ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിലെ സംഭാവന. അവനവൻെറ കഴിവനുസരിച്ചാണ് ഇതു ചെയ്യേണ്ടത്. വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിൻെറ കാര്യത്തിലോ ഞാൻ ഗലാത്യ സഭയോടു ആജ്ഞാപിച്ചതു പോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം

ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ച്ചവട്ടത്തിൽ ഒന്നാം നാളും തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തൻെറ പക്കൽ വെച്ചു കൊള്ളേണം. നമുക്കുവേണ്ടി മരിച്ച യേശുവിൻെറ മരണത്തിൻെറ വില നമുക്കു കാണാൻ പററുമോ ? അവൻ കാൽവരി മലയിൽ ചെയ്ത പ്രവർത്തിക്കു എന്തു പകരം കൊടുപ്പാൻ നമുക്കു കഴിയും ? ഈ ലോകത്തുള്ള പണമോ വസ്തുവകകളോ ഒന്നും അതിനു പ്രത്യുപകാരമായി തീരുകയില്ല. ഏററവും ശ്രേഷ്ഠമായ ദാനം തന്ന ദൈവത്തിന് നാം തിരിച്ച് ഏററവും നല്ല സംഭാവന കൊടുക്കണ്ടേ ? തീർച്ചയായും വേണം.

ഒരാൾ തൻെറ ജീവിതം ക്രിസ്തുവിൽ ഏല്പിക്കാൻ തീരുമാനിച്ചാൽ അവൻ ദൈവത്തിനു ഒരു പൂർണ്ണ സമർപ്പണം ആയി തീരണം. നമ്മുടെ സ്വാർത്ഥതയെ നാം പാടെ ത്യജിക്കണം എന്നിട്ടു വേണം യേശുവിനെ പിൻപററുവാൻ. ഒരുവൻ എൻെറ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തൻെറ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ എന്നാണു കർത്താവു പറഞ്ഞത് (മത്തായി 16:24). പേരിനു വേണ്ടി യേശുവിനെ പിൻ പററുകയല്ല വേണ്ടതു. പൂർണ്ണമായ ഒരു സമർപ്പണമായിരിക്കണം എടുക്കേത്. കലപ്പക്കു കൈ വെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവ രാജ്യത്തിനു കൊള്ളാവുന്നവനല്ല (ലൂക്കോസ് 9:62).

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോഴാണ് ഒരാൾ തന്നെത്താൻ ത്യജിച്ച് ദൈവത്തിനായി സമർപ്പിക്കുന്നത്. അന്നു മുതൽ നമ്മുടെ ജീവിതവും പണവും വസ്തുവും സമയവും എല്ലാം ദൈവത്തിനുള്ളതായി മാറുന്നു. മുൻപും ദൈവത്തിൻേറതായിരുന്നു. പക്ഷെ ഇപ്പോൾ അതിൻെറ ഉപയോഗം ദൈവഹിതത്തിനായി നാം പ്രതിഷ്ഠിക്കുന്നു. അങ്ങനെ സമർപ്പണം ചെയ്തവർ ചില കാര്യങ്ങളിൽ അവർ അവരുടെ സ്വന്തം എന്ന നിലക്ക് ഉപയോഗിക്കുമ്പോൾ അതു എത്ര ദുഃഖകരമാണെ

ന്നു ഓർത്തുനോക്കു. ഇനി ധർമ്മ ശേഖരത്തിൻെറ കാര്യത്തിൽ ചിലർ കാണിക്കുന്ന ഉദാസീനത എങ്ങനെ അവരെ അതു പിന്നീട് ബാധിക്കും എന്നു ചിന്തിക്കുന്നില്ല.

ഒരാരം സ്നാനപ്പെടാൻ പോയപ്പോരം സംഭവിച്ച കാര്യം ഓർമ്മയിൽ വരുന്നു. ഉപദേഷ്ടാവും സ്നാനമേല്ക്കേണ്ട ആളും വെള്ളത്തിൽ ഇറങ്ങുവാൻ തുടങ്ങിയപ്പോരം സ്നാനം ഏല്ക്കാനായി തയ്യാറായ ആളുടെ പോക്കററിൽ നോട്ടുകരം കിടക്കുന്നതു കണ്ട ഉപദേഷ്ടാവ് അതു മാററുവാൻ പറഞ്ഞു. പക്ഷെ അദ്ദേഹം പറഞ്ഞതെന്താണെന്നോ? അതിനോടുള്ള എൻെറ ആഗ്രഹവും സ്നാനപ്പെടുമ്പോരം ഇല്ലാതാകണം എന്ന്. നാം ദൈവത്തിനു നല്കുമ്പോരം നമുക്കുള്ളതെല്ലാം നല്കികൊണ്ടു ദൈവത്തിൽ ആശ്രയിച്ചു നമ്മുടെ ആവശ്യങ്ങരം എല്ലാം നിറവേററി തരുവാൻ ദൈവം ഉണ്ടല്ലൊ എന്ന വിശ്വാസത്തോടെ വേണം അർപ്പിക്കുവാൻ. മക്കദോന്യയിലെ ക്രിസ്ത്യാനികരം കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും മഹാ സന്തോഷത്തോടെ പ്രാപ്തിയനുസരിച്ചും അതിനു മീതെയും കൊടുത്തു. ഇതായിരിക്കണം നമ്മുടെയും മനോഭാവം (2 കൊരിന്ത്യർ 8:5).

★

# മാനസാന്തരം വിശ്വാസത്തിനു മുൻപോ ?

**മൈക്ക് ബെൻസൺ**

വിശ്വാസത്തിനു മുൻപാണോ മാനസാന്തരം ഉണ്ടാകേണ്ടത് ?

1 ബൈബിരം പറയുന്നത്, ഒരു പാപി മാനസാന്തരപ്പെടുമ്പോരം സ്വർഗ്ഗം സന്തോഷിക്കുന്നു എന്നാണ്. ദൈവ ദൂതന്മാർക്കിടയിലും സന്തോഷമുണ്ടാകുന്നു (ലൂക്കൊ

സ് 15:16). അതുപോലെ മററൊന്നു കൂടെയുണ്ട്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഉത്സാഹത്തോടെ ദൈവത്തോടു അടുക്കുന്നവർക്കു ദൈവം പ്രതിഫലം കൊടുക്കുമെന്ന് ഒരാൾ വിശ്വസിക്കണം. വിശ്വാസം എന്നതോ ദൈവത്തിലുള്ള ആശ്രയമാണ്. ദൈവത്തെ അന്വേഷിച്ചു കണ്ടെത്തേണ്ട ചുമതല എല്ലാവരിലും ഉണ്ട്.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള മാനസാന്തരം ദൈവത്തിനു പ്രസാദകരമാകയില്ലല്ലൊ. പ്രസാദകരമായ അവസ്ഥയിലേ ആർക്കായാലും സന്തോഷിക്കാൻ പററു.

2 നിനെവേ പട്ടണക്കാർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. ന്യായവിധി നാളിൽ നിനെവേക്കാർ എഴുന്നേററു അവരെ ന്യായം വിധിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നുവല്ലൊ. കാരണം അവർ മാനസാന്തരപ്പെട്ടിരുന്നു (മത്തായി 12:41). നിനെവെയിലെ ആളുകൾ അവരുടെ തെററു തിരുത്തിയതുകൊണ്ടാണ് ദൈവം അവരെ നശിപ്പിക്കാതിരുന്നത്. ദൈവ കല്പനയായ മാനസാന്തരം ഏതൊരാൾക്കും ആവശ്യമാണ്. പക്ഷെ അതു വാസ്തവത്തിലുള്ള ഒന്നായിരിക്കണം; ദൈവം ആഗ്രഹിക്കുന്നതു പോലെയുമായിരിക്കണം എന്നു മാത്രം.

3 ദൈവത്തിലുള്ള വിശ്വാസത്തെ സംബന്ധിച്ച് പിശാചുക്കളും അവനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നുണ്ട് (യാക്കോബ് 2:19). ഇന്ന് അനേകം പേരുടെ വിശ്വാസവും വെറും പൊള്ളയായ വിശ്വാസമാണ്. കാരണം പ്രവൃത്തിയില്ല. അതു ദൈവ സന്നിധിയിൽ പ്രസാദകരമാവുകയില്ല.

വിശ്വാസത്തിനു മുൻപ് മാനസാന്തരം വരുന്നുവെങ്കിൽ പിശാചുക്കളിലും അതുണ്ടാകണം. ബൈബിളിൽ പറ

ഞ്ഞിരിക്കുന്ന ക്രമം എന്തെന്നാൽ ആദ്യം വചനം കേൾക്കുക, കേട്ടിട്ട് വിശ്വസിക്കുക, വിശ്വസിച്ചു മാനസാന്തരപ്പെടുക എന്നതാണ്. പത്രോസിന്റെ പ്രസംഗം കേട്ടു വിശ്വസിച്ച ആളുകളാണ് അവർ എന്തു ചെയ്യണം എന്നു ചോദിച്ചത്. അവരോടു പത്രോസ് പറഞ്ഞത് നിങ്ങൾ ഓരോരുത്തരും, മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്പിൻ എന്നായിരുന്നു (പ്രവൃത്തി 2:38). പത്രോസിന്റെ പ്രസംഗം കേട്ടവരുടെ ഹൃദയത്തിൽ കുത്തു കൊണ്ടിരുന്നു. അതു അവർ വിശ്വസിച്ചതിന്റെ സൂചനയായിരുന്നു.

അവർ മാനസാന്തരപ്പെടുകയും സ്നാനം ഏല്ക്കുകയും ചെയ്തു. അവരുടെ മനസിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അന്തരം. ദൈവ കല്പനകൾക്ക് അവരുടെ പ്രവൃത്തികളെ തിരിച്ചു വിടുകയുണ്ടായി.

അല്ലല്ല, മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിച്ചു പോകും (ലൂക്കോസ് 13:3). മാനസാന്തരം എന്ന ആശയം എല്ലാവർക്കും ഇഷ്ടമാണ്. പ്രായോഗികമാക്കി തീർക്കുവാനാണ് പ്രയാസം. ഈ കല്പനയുടെ പ്രാധാന്യം കണക്കിലെടുത്താൽ മാത്രമെ അതു പ്രാവർത്തികമാക്കയുള്ളു. നമ്മുടെ ദൈനന്തിന ജീവിതത്തിൽ മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കണം. മനസിനെ നേരായി സൂക്ഷിക്കാൻ കഴിഞ്ഞാൽ പ്രവർത്തികൾ ശരിയായി വരും. പലരുടേയും ജീവിതം വഴി പിഴച്ചു പോകുന്നതു അവരുടെ ചിന്ത മോശമായതുകൊണ്ടാണ്. പുതുക്കമുള്ള മനസു രൂപാന്തരത്തിനു ആവശ്യമാണ്. മനസും ഹൃദയവും ശുദ്ധമായാൽ ജീവിതം ശുദ്ധമാകും. വെറും ദുഃഖമല്ല മാനസാന്തരം. നാം വരുത്തുന്ന അന്തരം യാഥാർത്ഥ്യമായിരിക്കണം. അതു ദൈവം ആഗ്രഹിക്കുന്നതുപോലെ ആകണം.

★

# തികവുള്ള മാതൃക

K. V. മകാൽപിൻ

ക്രിസ്തു ഭൂമിയിൽ വന്നതു ഒരുദ്ദേശ്യത്തിനു വേണ്ടിയായിരുന്നു. അതു പ്രവചന നിവർത്തീകരണത്തിനും നമ്മെ പാപത്തിൽ നിന്നു വീണ്ടെടുക്കേണ്ടതിന്നും വേണ്ടി ആയിരുന്നു (മത്തായി 1:21; 1 തിമൊഥെയോസ് 1:15). നാം അവന്റെ കാലടികളെ പിൻപറ്റേണ്ടതിനു ക്രിസ്തു ഇവിടെയായിരുന്നപ്പോൾ ഒരു മാതൃക വിട്ടിട്ടാണ് പോയതു (1 പത്രൊസ് 2:21). വിട്ടു പോകുക എന്ന വാക്ക് അക്ഷരാർത്ഥത്തിൽ തന്നെ ''പുറകിൽ വിടുക'' എന്നതാണ് സൂചിപ്പിച്ചിരിക്കുന്നത് (സങ്കീർത്തനം 85:13; മത്തായി 10:38; 16:24; യോഹന്നാൻ 13:15; 1 യോഹന്നാൻ 2:6). മനുഷ്യനു ദൈവം ആവശ്യമാണ്. യിരമ്യാ പ്രവാചകൻ ഇതിനെ ഊന്നി പറഞ്ഞിട്ടുണ്ട്. മനുഷ്യനു തന്റെ കാലടികളെ നേരെയാക്കുന്നതിനു സാദ്ധ്യമല്ല എന്നതാണ് കാരണം (യിരമ്യാവ് 10:23). ക്രിസ്തുവിന്റെ കാലടികളെ പിൻ പററുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടേയും ലക്ഷ്യം. ഒരു തികഞ്ഞ നടപ്പിന്റെ മാതൃക ക്രിസ്തുവിൽ ദർശിക്കാം. ആ മാതൃകയെ പററി പറയുന്ന വേദഭാഗം വായിച്ചാൽ അങ്ങനെ ജീവിക്കുന്നതിന്റെ ആവശ്യകത നമുക്കു ബോധ്യമാകും (1 പത്രൊസ് 2:21-25).

## ക്രിസ്തുവിന്റെ ജീവിത മാതൃക

അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽ ചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വി

ധിക്കുന്നവങ്കൽ കാര്യം ഭരമേല്പ്പിക്കയത്രെ ചെയ്തതു (1 പത്രൊസ് 2:21-23). ഈ വേദഭാഗങ്ങളിൽ ''നിങ്ങളെ'' എന്നു പറഞ്ഞിരിക്കുന്നതു 18-ാം വാക്യത്തിലെ വേലക്കാരെ ഉദ്ദേശിച്ചാണ്. ഒന്നാം നൂററാണ്ടിൽ വേലക്കാർ അനുഭവിച്ച കഷ്ടം വളരെ സങ്കീർണ്ണമായിരുന്നു. മററുള്ളവരാൽ നിരപരാധികൾ കഷ്ടം അനുഭവിക്കേണ്ടിവന്ന സാഹചര്യം. അവർക്ക് ആശ്വാസം ലഭിക്കുവാൻ മററൊരാൾ ഇതേപോലെ കഷ്ടം സഹിച്ചതു ഓർക്കേണ്ടതുണ്ട്. എന്നാൽ ക്രിസ്തു കഷ്ടം സഹിച്ചതു ഓർക്കുമ്പോൾ അതു നമ്മുടെ നന്മക്കായിരുന്നു എന്നതും ആശ്വാസപ്രദമാണ്. (2 തിമൊഥെയോസ് 3:12; 1 പത്രൊസ് 3:18; മത്തായി 5:10).

മാതൃക എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം ''പകർത്തി എഴുതൽ'' എന്നു വിശദീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കു സ്കൂളിൽ ഇത്തരം പരിശീലനം നല്കാറുണ്ട്. പടം വരക്കുന്നതും മററും ട്രെയിസിങ്ങ് പേപ്പറിൽ വരയുടെ മുകളിൽ കൂടെ വരച്ചു പഠിക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലൊ. അതേ അർത്ഥമാണ് മാതൃക എന്ന വാക്കിനും ഉള്ളത്.

22-ാം വാക്യത്തിൽ അവൻ പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞിരിക്കുന്നു (2 കൊരിന്ത്യർ 5:21; എബ്രായർ 4:15; 1 യോഹന്നാൻ 3:5). അതായതു പാപം വന്നിട്ടുള്ള ഒരൊററ സംഭവം പോലും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഇനി വഞ്ചന എന്ന വാക്കു നോക്കിയാൽ, ഉപായം, സൂത്രം എന്നിവ അടങ്ങുന്നതാണല്ലൊ. കർത്താവിന്റെ നാവിൽ നിന്നു അത്തരത്തിൽ ഒരൊററ വാക്കുപോലും പുറപ്പെട്ടിരുന്നില്ല. അവന്റെ വാക്കുകൾ അത്രയും മററുള്ളവർക്കു ഗുണപ്രദമായിരുന്നു. അവന്റെ ശത്രുക്കൾ അവനിൽ കുററം കണ്ടെത്തുവാൻ വളരെ ഉത്സാഹപൂർവ്വം അന്വേഷണം നടത്തി (യോഹന്നാൻ 1:47; വെളിപ്പാടു

14:5). ക്രിസ്തുവിനെ ആളുകൾ ശകാരിക്കുക മാത്രമല്ല ചെയ്തതു മുള്ളുകൊണ്ടു മുറിവുണ്ടാക്കി വേദനയാൽ കഷ്ടപ്പെടുത്തി എന്നതു കൂടെ കാണുന്നുണ്ട്. അതി കഠിനമായ ഈ കഷ്ടത അവൻ സഹിക്കയായിരുന്നു (സങ്കീർത്തനം 38:12-14; മത്തായി 5:11; ലൂക്കൊസ് 22:64; മത്താ 26:62-63; മർക്കൊസ് 15:29-32). ശകാരത്തിനു ശകാരമോ കഷ്ടത്തിനു ഭീഷണിയോ അവൻ ഉയർത്തിയില്ല (എബ്രായർ 12:2-3). തന്റെ ഉദ്ദേശത്തിൽ നിന്നു അവനെ പിന്തിരിപ്പിക്കാൻ ഇവക്കൊന്നിന്നും കഴിഞ്ഞില്ല. ന്യായമായി വിധിക്കുന്ന ദൈവത്തിൽ സകലതും ഭരമേല്പിക്കയത്രെ ചെയ്തതു (സങ്കീർത്തനങ്ങൾ 37:5; 2 തിമൊഥെയൊസ് 1:12; ലൂക്കൊസ് 23:46).

## ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാതൃക

''നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു (1 പത്രൊസ് 2:24). ക്രിസ്തുവിനു നമ്മോടുള്ള സ്നേഹം നിമിത്തം ആയിരുന്നു അങ്ങനെ ചെയ്തതു. അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്തു് എന്നു അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു (1 യോഹന്നാൻ 3:16). സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല (യോഹന്നാൻ 15:13). നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു. ജീവനെ കൊടുക്കുന്നതിലധികം സ്നേഹം മറ്റാർക്കുമില്ല. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാഹാത്മ്യം തുല്യപ്പെടുത്താവുന്ന മററാരുമില്ല (മത്തായി 20:28; മർക്കൊസ് 10:45; 1 തിമൊ

ഥെയൊസ് 2:6). ആകയാൽ ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യ വാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതു പോലെ സ്നേഹത്തിൽ നടപ്പിൻ (എഫെസ്യർ 5:2).

## ക്രിസ്തുവിന്റെ നായകത്വ മാതൃക

നിങ്ങൾ തെററി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു ഇപ്പോഴോ നിങ്ങളുടെ ആടുകളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു (1 പത്രൊസ് 2:25). ഒരു യഥാർത്ഥ ഇടയനെ പോലെയാണ് ക്രിസ്തു. ആളുകളെ നയിക്കുകയും പോററി പുലർത്തി സംരക്ഷിക്കുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 119:76; മത്തായി 9:36; യോഹന്നാൻ 10:1-6; എബ്രായർ 13:20). ക്രിസ്തു നമ്മുടെ ഇടയശ്രേഷ്ഠനായിട്ടാണ് പത്രൊസ് വിവരിച്ചിരിക്കുന്നത് (1 പത്രൊസ് 5:4). ക്രിസ്തു, ക്രിസ്ത്യാനികളുടെ ക്ഷേമ തല്പരനാണ്. അവരുടെ ആത്മാക്കളെ സംരക്ഷിക്കുകയും നേർ പാതയിൽ സഞ്ചരിക്കാൻ സഹായിക്കുകയും ചെയ്യും (1 തിമൊഥെയൊസ് 2: 5-6).

1 പത്രൊസ് 2:21-25 വരെയുള്ള വേദഭാഗങ്ങളിൽ നിന്നും നാം പഠിച്ച കാര്യങ്ങൾ എന്തെല്ലാമാണ്? ക്രിസ്തു നമുക്കു ഒരു മാതൃക വിട്ടിട്ടു പോയിരിക്കുന്നു. അതു നാം പിൻതുടരുവാനാണ്. ക്രിസ്തുവിന്റെ ജീവിതം, സ്നേഹം, നായകത്വം എന്നിവയാണവ. ഈ മാതൃക നമ്മുടെ ജീവിതത്തിലും നാം എടുക്കേണ്ടതാണ്. ക്രിസ്തുവിനോടു അനുരൂപപ്പെട്ടു ജീവിക്കാനാഗ്രഹിക്കുന്നവർ ഈ മാതൃക തങ്ങളുടെ ജീവിത ശൈലിയായി എടുക്കണം. നമ്മുടെ എല്ലാ കാര്യങ്ങൾക്കും പൂർണ്ണാധികാരി ക്രിസ്തുവാണെന്ന കാര്യം ഒരിക്കലും മറക്കരുത്.

# വിമോചനവും വിശ്വമഹാശില്പിയും

ആബ്ദീൻ കെ. എസ്

"ഒരു ദിവ്യ നിശീഥിനിയിലെ,
സുപരിചിത സ്മൃതിഗാഥയിൽ
എന്റെ വിലാപ സ്വരങ്ങളെ
നൃത്തപൂർണ്ണമാക്കിയ
വിശ്വമഹാശില്പി.

ഈ മൃത്യുകവാടത്തിന് മുമ്പിൽ,
നിന്റെ വചനാമൃത വർഷധാരയുടെ
ശീതളഛായയിൽ എന്റെ മിഴികൾ
സലജ്ജമാകുന്നു.

ഒരു പ്രേതോത്സാഹത്തിന്റെ നൂപുരധ്വനി,
ഉണരുന്ന ഈ നിശാദർശനത്തിൽ
ഒരഗ്നിശലാക ഹൃദയത്തിൽ
ധ്യാനമായ് പരിണമിക്കുന്നു.

നിന്റെ മനോജ്ഞ മുഖദർശനത്തിനും
മധുരമായസ്വര ശ്രവണത്തിനും
മൃദുലാംഗുലീ സ്പർശത്തിനും
യെരുശലേമിന്റെ തെരുവീഥിയിൽ

ഞാൻ ഏകനായി കാത്തുനില്ക്കുമ്പോൾ
രഥവ്യൂഹങ്ങളില്ലാത്ത വിജനരാജപാതയിൽ
ഇനി കേൾക്കുന്ന കുളമ്പടിനാദം
വെള്ളക്കുതിരയുടേതാണ്.

★

# പഥ്യോപദേശം

## ഗസ് നിക്കോൾസ്

ഉപദേശം എന്ന പദത്തെ നിർവചിച്ചിരിക്കുന്നതു പഠിപ്പിക്കപ്പെട്ടതിനെ നിർദ്ദേശിക്കുകയും, പഠിപ്പിക്കുകയും ചെയ്യുക എന്നാണ്. താത്വികമായ വിശ്വാസമാണ് അഥവാ ഒരു തത്വത്തിന്റെ ഘടന എന്നും പറയുന്നു. ഇവയെല്ലാം പ്രാധാന്യമുള്ളതല്ലേ ? പഥ്യോപദേശം മുഖ്യമല്ലേ? ഉപദേശ പ്രസംഗങ്ങൾ ഒന്നും തങ്ങൾക്കു കേൾക്കണ്ട എന്നു പറയുന്നതും മതപരമായ പഠനം ഒന്നും ആവശ്യമില്ല എന്നു പറയുന്നതും സമമാണ്. വിശ്വാസ തത്വത്തെ അവർ തിരസ്ക്കരിക്കുന്നു എന്നതാണ് സാരം.

## ഉപദേശവും വിധിയും

ഉപദേശത്താലും പ്രബോധനത്താലും അല്ലാതെ മറ്റൊരു രീതിയിലും ആളുകളെ പരിവർത്തനം ചെയ്യാൻ ദൈവം തിരഞ്ഞെടുക്കുന്നില്ല. വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി (1 കൊരിന്ത്യർ 1:21). പരിഷ്ക്കാരിയായ ആധുനിക മനുഷ്യനു ഈ ദൈവിക പദ്ധതി യോജിച്ചതായി തോന്നാതിരിക്കാം. അവനു ഇതു ഭോഷത്വമായി തോന്നാം. എന്നാൽ ദൈവത്തിനു ഇതിൽ ഇഷ്ടം തോന്നി അങ്ങനെയാണ് രക്ഷിക്കുന്നത്. ലോകം ജ്ഞാനത്താൽ ദൈവത്തെ അറിഞ്ഞില്ല. മനുഷ്യർക്ക് ഒരു ധാരണയുള്ളത്, ഞങ്ങൾക്ക് ദൈവത്തെക്കാൾ അറിവുണ്ട് എന്നാണ്. അങ്ങനെ പറഞ്ഞില്ലെങ്കിലും അതാണവരുടെ ഭാവം. ആദാമിനോടും ഹവ്വയോടും സാത്താൻ പറഞ്ഞു ഫലിപ്പിച്ചു അവരെ ദൈവത്തിൽ നിന്നും വേർപിരിച്ച് തെറ്റിച്ചു എന്നു നാം കാണുന്നു (ഉല്പത്തി 2:16-17). സുവിശേഷത്തെ മറിച്ചു കളയുന്നവരും ഇതാണ് ചെയ്യുന്നതു. ദൈവം അതു വിലക്കിയിട്ടുണ്ട് (ഗലാത്യർ 1:6-10).

ഈ ലോകത്തു നിന്നു പിരിഞ്ഞു പോകുന്നതിനു മുൻപ് അവസാനമായി യേശു കൊടുത്ത മഹത്തായ കല്പന എന്തെന്നു നോക്കുക. ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു ശിഷ്യരാക്കി കൊൾവിൻ (മത്തായി 28:19). ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുവാൻ വേണ്ടി നാം അവരെ ഉപദേശം പഠിപ്പിക്കണം. അതു ക്രിസ്തുവിന്റെ ഉപദേശം ആയിരിക്കണം. അതിന്റെ പ്രാധാന്യം നാം ഗൗരവമായി എടുക്കണം. പത്ഥ്യോപദേശത്തിനൊത്തവണ്ണം പ്രബോധിപ്പിക്ക എന്നാണ് പൌലൊസ് തിത്തൊസിനു എഴുതിയത് (തിത്തൊസ് 2:1).

തന്റെ ആദ്യത്തെ പ്രസംഗത്തിൽ യേശു സംസാരിച്ചതു ഉപദേശമായിരുന്നു. പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയം പൂണ്ടു എന്നത്രേ രേഖ പറയുന്നതു (മത്തായി 7:25). ദയവോടെ സ്ഫുടതയോടെ ഇന്നും നാം അതേ പത്ഥ്യോപദേശം പ്രസംഗിക്കുകയാണെങ്കിൽ ആളുകൾ അതിശയിക്കും! പ്രഭാതത്തിൽ വിരിയുന്ന ഒരു റോസാ പുഷ്പം പോലെ പുതുക്കമുള്ളതും മനോഹരവും അത്രേ. വായു ശ്വാസകോശത്തിനു യോജിക്കുന്നതുപോലെ മനുഷ്യന്റെ ആവശ്യത്തിനു യോജിക്കുന്നതാണ് ഇന്നും. വിശപ്പിനു ആഹാരവും ദാഹത്തിനു ജലവും എത്രത്തോളം മനുഷ്യനു ആവശ്യമാണോ അതുപോലെ പ്രബോധനവും ഉപദേശവും ഒഴിവാക്കാൻ പാടാത്തതു തന്നെ. നമ്മുടെ ഹൃദയത്തിൽ ഇതിൽ കുറവായ മറ്റൊന്നിനും ദൈവത്തെ തൃപ്തിപ്പെടുത്താവുന്നതല്ല. ഒരു പക്ഷി തന്റെ ഇണയെ തേടുന്നതുപോലെയാണ് ഭക്തിക്കനുസാരമായ ഉപദേശവും ശരിയായ മതവും. സ്ത്രീ പുരുഷനേയും പുരുഷൻ സ്ത്രീയേയും ആഗ്രഹിക്കുന്നതുപോലെ മനുഷ്യനു ദൈവവും ദൈവത്തിന്റെ ഉപദേശവും വേണം.

## ഉപദേശത്തിൽ തുടർന്നു

യെരുശലേമിലെ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു ജീവിച്ചു (പ്രവൃത്തി 2:42). അപ്പൊസ്തലന്മാരിൽ ആരെങ്കിലും ഒരാൾ അവരുടെ ആരാധനക്കിടയിൽ ഉപദേശം നല്കാതെ മാറി നിന്നാൽ അത്രെത്ര ഞെട്ടലുണ്ടാക്കും എന്നോർക്കുക. ഒരാൾ പറഞ്ഞെന്നിരിക്കട്ടെ ഇങ്ങനെ: ഞങ്ങൾക്കു ഉപദേശമൊന്നും വേണ്ട. കേൾക്കാൻ നല്ല രസമുള്ള നല്ല കഥകളോ മറ്റോ യേശിപ്പിച്ചാൽ മതി എന്ന്. അതിനു അപ്പൊസ്തലന്മാർ എന്തു പറയുമായിരുന്നു. ഇതല്ലാതെ ഞങ്ങൾക്കു മറ്റൊന്നും പറവാനില്ല എന്നായിരിക്കും. ഉപദേശത്തെ വിട്ടു കളയുന്നതിനു പകരം യെരുശലേമിലെ ക്രിസ്ത്യാനികൾ ഉപദേശത്തെ മുറുകെ പിടിച്ചു. പ്രമാണിമാർ അവരെ പറ്റി പറയുന്നു: ഈ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി പറഞ്ഞതല്ലയോ ? എന്നാൽ നിങ്ങൾ ഉപദേശം കൊണ്ടു യെരുശലേമിനെ നിറെച്ചിരിക്കുന്നു (പ്രവൃത്തി 5:28).

## ഉപദേശത്തിൽ വസിക്കുക

മതപരമായ ലോകം മുഖ്യമായി ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അകന്നു പോയിരിക്കയാണ്. ഉപദേശം അല്ലെങ്കിൽ ക്രിസ്തുവിന്റെ സുവിശേഷം ബൈബിളിൽ വായിക്കുന്ന ക്രിസ്തുവിന്റെ സഭകളെയാണ് പുറപ്പെടുവിക്കുന്നത് (റോമർ 16:16). തല തിരിഞ്ഞ ഉപദേശം എന്തെന്നറിയാതെ നാമധേയ വിഭാഗത്തിലെ ആളുകൾ മടങ്ങി വന്നാൽ ഈ വിശ്വാസവും വെളിപ്പാടും ആരാധനയും അവർക്കു ഒരാഴ്ച്ചപോലും സഹിക്കാൻ പറ്റിയെന്നു വരികയില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

★

# പാപം പാപം തന്നെ!

## M. ഫ്ളേയിഡ് ബെയ്ലി

പാപത്തെ മനുഷ്യർ പല രീതിയിൽ ന്യായീകരിക്കയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിസ്സാര പാപമെന്നും സാരമായ പാപമെന്നും പറയാറുണ്ട്. ചെറുതും വലുതുമായി പാപത്തെ തരം തിരിക്കുന്നതു ന്യായീകരണത്തിനു വേണ്ടിയാണ്. ഒരു പത്തു വർഷം മുൻപ് പാപമായി കണക്കാക്കിയിരുന്ന ഒരു കാര്യം ഇന്നു സ്വീകാര്യമായ ഒരു പെരുമാററമായി സമൂഹം അംഗീകരിക്കയാണ്. ലജ്ജാകരമായിരുന്ന കാര്യങ്ങൾ ഒരു കൂസലുമില്ലാതെ ചെയ്യത്തക്കവണ്ണം ഈ മാററം എങ്ങനെ സംഭവിച്ചു. ഇവരെ ഇത്തരം കാര്യങ്ങൾക്കു സ്വാധീനിച്ചതെന്താണ്? സമൂഹം എന്തുകൊണ്ട് ഇന്ന് ഇതെല്ലാം അംഗീകരിക്കുന്നു. നാം കുടുംബമായി ജീവിക്കുന്നവരാണ്. അപ്പനും അമ്മയും മക്കളും ഒത്തൊരുമിച്ചു കഴിയുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. ഭൗതികമായ ചില ഘടകങ്ങൾ മനുഷ്യരുടെ സ്വഭാവത്തെയും ജീവിത ശൈലിയെയും ബാധിക്കുന്നതാണ് എന്നു തെളിയുന്നു.

മനുഷ്യരുടെ ഹൃദയത്തിലും മനസാക്ഷിയിലും ഈ മാററം വരുവാൻ കാരണം എന്ത്? നാം തെററുകളെ തരം തിരിക്കാതെ പാപം എന്നു വിളിക്കുകയാണെങ്കിൽ ഓരോന്നിൻേറയും പ്രഭാവത്തിനു മാററം വരുകയില്ല. അതു വയററിനെ ഇളക്കിമറിക്കും. പക്ഷെ സമൂഹം ഓരോന്നിൻേറയും പേരിനു മാററം വരുത്തിയിരിക്കുന്നു. മദ്യപാനം ഒരു രോഗമായി ചിത്രീകരിച്ചിരിക്കയാണ്. അതുകൊണ്ട് അതിനെ ചികിത്സിക്കുന്നു. ലജ്ജാശീലത്തെ, ലജ്ജാഭിനയം എന്നാക്കിയിരിക്കയാണ്. ഒരിക്കൽ ലൈംഗിക വൈകൃതം എന്ന പേരിൽ അറിയപ്പെട്ടിരുന്നതു ഇന്നു പറയുന്നതു ഒന്നിടവിട്ട ജീവിത ശൈലി എന്നാണ്. അമ്മയുടെ ഉ

ദരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു ശിശുവിനെ ഒരു മാംസപിണ്ഡം എന്നു വിളിക്കുന്നു. ഇങ്ങനെയുള്ള നാമമാററം കൊണ്ടു അവർക്കു തെററിനെ തെററല്ലാതാക്കാൻ പററുമോ ? ഒരിക്കലും ഇല്ല. പാപം എപ്പോഴും പാപം തന്നെയാണ്. ഒരു റോസാ പുഷ്പത്തിന്റെ പേർ എങ്ങനെയെല്ലാം മാററിയാലും അതിന്റെ വാസന പഴയതു തന്നെയായിരിക്കും.

പാപം എന്നതു ഏതെല്ലാം വിധത്തിൽ അതിനെ മാററി മറിക്കാൻ ശ്രമിച്ചാലും പാപം എന്നും പാപം തന്നെയാണ്. അതിന്റെ പരിണിത ഫലവും ഒന്നു തന്നെ. അതിന്റെ കാഠിന്യം കുറക്കാൻ എത്ര ശ്രമിച്ചാലും കുറയുകയില്ല. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപം ചെയ്യുന്നവൻ അധർമ്മം ചെയ്യുന്നു (റോമർ 6:23; യാക്കോബ് 1:12-15; സങ്കീർത്തനം 51:1-2). പാപം ഒരാളുടെ വ്യക്തിത്വത്തെ ഭൗതികമായും ആത്മികമായും ബാധിക്കും എന്നതു കൊണ്ടു നാം അതിനെ ഗൗരവത്തോടെ കാണണം. തന്നെയുമല്ല അതിന്റെ ദൂഷ്യമായ ഫലത്തെ ആളുകൾക്കു ബോധ്യപ്പെടുത്തി കൊടുക്കണം. നിരവധി ഫലങ്ങൾ ഉണ്ട്. അവയിൽ നിന്നു ചുരുക്കമായി മൂന്നെണ്ണം നമുക്കു തിരഞ്ഞെടുക്കാം.

1 **പാപം വിയോജിപ്പിക്കുന്നു**. പാപം നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നു. നമുക്ക് ഉള്ളതെല്ലാം നഷ്ടപ്പെടുത്തുകയാണ് പാപത്തിന്റെ ഉദ്ദേശ ഫലം. ശാരീരികശേഷി, മാനസികമായ ഉന്മേഷം, ആത്മികമായ താല്പര്യം എന്നിവയെല്ലാം ഇല്ലാതാക്കാൻ കഴിയുന്നതാണ് പാപം. ഇനി മറെറന്തെല്ലാം ഈ ലോകത്തു നേടാൻ കഴിഞ്ഞാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ ആ വ്യക്തിക്കു എന്തു പ്രയോജനമാണ് കിട്ടുന്നത് എന്നു യേശു ചോദിക്കയുണ്ടായി (മർക്കൊസ് 8:36). ജീവനെ നഷ്ടപ്പെടുത്താൻ കഴിവുള്ളതാണ് പാപം. പാപം ആത്മീയമായ ഒ

രു രോഗമാണ്. കാരണം അത് ആത്മാവിനെ ഇല്ലാതാക്കുന്നു. നമ്മെയെ നമ്മിൽ നിന്നു നീക്കം ചെയ്യുന്നതാണ് പാപം. ഏററവും വലിയ വൈദ്യൻ ഈ ലോകത്തിൽ വന്നതു നമ്മുടെ സൗഖ്യത്തിനും നഷ്ടപ്പെടുന്ന ജീവൻ തിരിച്ചു നല്കുന്നതിനുമാണ് (ലൂക്കൊസ് 12:13-21). നമ്മിൽ പാപം കടത്തി വിട്ടു നശിപ്പിക്കുവാൻ പ്രവർത്തിക്കുന്നതു വഞ്ചകനായ സാത്താനാണ് (1 കൊരിന്ത്യർ 10:10). എല്ലാ നമ്മെയും നമ്മിൽ നിന്നു വേർപിരിച്ച് ഒന്നിനും കൊള്ളരുതാത്ത നിലയിലേക്കു നമ്മെ വിയോജിപ്പിച്ച് നിർത്തുവാൻ തന്ത്രം മെനഞ്ഞിരിക്കുന്നതു പിശാചാണെന്നു തിരിച്ചറിയുക.

**2 പാപം വശീകരിപ്പിക്കുന്നു.** അടിമത്വത്തിലേക്കു ആകർഷിപ്പിക്കുന്ന ഒന്നാണ് നിയമലംഘനം. പാപം ചെയ്യുന്നവൻ ഒക്കെയും പാപത്തിൻെറ ദാസൻ ആകുന്നു എന്നത്രേ യേശുക്രിസ്തു പറഞ്ഞത് (യോഹന്നാൻ 8:34) അപ്പൊസ്തലനായ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു: നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവനു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ ? ഒന്നുകിൽ മരണത്തിനായി പാപത്തിൻെറ ദാസന്മാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിൻെറ ദാസന്മാർ എന്നാണ് (റോമർ 6:16). പാപം ഒരിക്കൽ ഒരാളിൽ കടന്നു അവനെ നശിപ്പിക്കാൻ തുടങ്ങിയാൽ അവൻ അതിനു അടിമപ്പെടുകയാണ് ചെയ്യുന്നതു. ചെയ്ത തെററിനെ മൂടി വെക്കാനായി വേറെ പറയരുതാത്തതും ചെയ്യരുതാത്തതും ചെയ്തുകൊണ്ടു പാപത്തെ വളർത്തിയെടുക്കും. അങ്ങനെയാണ് ഏതൊരാളും പാപത്തിനു കീഴ്പ്പെടുന്നത്.

കൂടാതെ നമ്മുടെ തെററുകൾക്കു മററുള്ളവരിൽ കുററം ചാരുന്നു. അതും നമ്മുടെ ന്യൂനതകളെ മറെക്കുന്നതിനും ന്യായീകരിക്കുന്നതിനുമാണ്. അപ്പോഴും നാം അ

റിയാതെ പാപം വർദ്ധിപ്പിക്കുകയാണ്. ഒരു വിധത്തിൽ അറിഞ്ഞുകൊണ്ടു തന്നെയാണ് നാം വീണ്ടും വീണ്ടും അങ്ങനെ ചെയ്യുന്നത്. അവനാണ് അതിനു കാരണം, അവളാണ് അതിനുത്തരവാദി എന്നെല്ലാം ആളുകൾ പറയാറില്ലേ മററുള്ളവരുടെ മുൻപിൽ നാം നല്ലവരായി അറിയപ്പെടണം എന്ന ആഗ്രഹമാണ് ഇതിനെ ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്. മററുള്ളവരെ, അവർ ഒരുപക്ഷെ നിരപരാധികളായിരിക്കും. നാം നിരപരാധികളെ നമ്മുടെ കുററം ചുമത്തി രക്ഷപ്പെടാൻ ശ്രമിക്കുന്നതും ഒരു പാപമാണ് എന്ന ചിന്ത മറന്നു പോകുകയാണോ ? എങ്ങനെയായാലും പാപം നമ്മെ മോഹിപ്പിച്ച് കീഴ്പ്പെടുത്തി അടിമയാക്കി മാററുന്നു എന്നതാണ് വാസ്തവം.

3 **പാപം വേർപിരിക്കുന്നു.** നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളേയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു (യെശയ്യാവ് 59:2). ദൈവത്തെ പിരിഞ്ഞു നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു മനുഷ്യർ. അതുകൊണ്ടാണ് യേശു ഈ ഭൂമിയിൽ വരേണ്ടി വന്നതു: പാപം അല്ലെങ്കിൽ അധർമ്മമാണ് അതിനു കാരണം. പാപം മനുഷ്യനെ അശുദ്ധമാക്കുന്നു. വിശുദ്ധനായ ദൈവത്തെ അഭിമുഖീകരിക്കാൻ പററാതെ അങ്ങനെ അകന്നു. ഇതാണ് പരമാർത്ഥത്തിൽ സംഭവിച്ചത്. രണ്ടു പേരെ ഭിന്നിപ്പിക്കുന്നതാണ് പാപം. കാണാതെ പോയ ആടും നഷ്ടപ്പെട്ട ദ്രഹ്മയും നമ്മെ പഠിപ്പിക്കുന്ന പാഠം അതാണ്. അതായത് ദൈവത്തെയും മനുഷ്യരേയും തമ്മിൽ ഭിന്നിപ്പിക്കുന്നതു പാപമാണ്. അതു ഗൗരവമായി ചിന്തിക്കേണ്ട പലരും അതിനെ കാര്യമായി എടുക്കുന്നില്ല.

പാപം നമ്മെ തരം താഴ്ത്തി വിയോജിപ്പിക്കുന്ന ഒന്നാണ്, ജീവിതത്തിലെ നൻമയെ എടുത്തു കളയുന്നതാണ്, അതു നമ്മെ മോഹിപ്പിച്ച് അടിമയാക്കും.

★

# ബർശബ്ബായും ഒരു വലിയ മനുഷ്യനായിരുന്നു

നീൽ പൊളാർഡ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മികവുള്ള ഒരു മഹത് വ്യക്തിയായിരുന്നു അവൻ എന്നു തിരുവെഴുത്തു പറയുന്നുണ്ട്. അവന്റെ ആത്മിക സ്വഭാവ വൈശിഷ്ട്യമായിരുന്നു അവനെ അതിനായി തിരഞ്ഞെടുക്കാൻ കാരണം (പ്രവൃത്തി 1:21). എങ്ങനെയായാലും വളരെ കുറച്ചു മാത്രം പറഞ്ഞിട്ടുള്ള ബർശബ്ബായെ സംബന്ധിച്ച് നാം ഒന്നു കണ്ണോടിച്ചാൽ അവനും നല്ല ശക്തമായ ആത്മീയ ജീവിതത്തിനുടമയായിരുന്നു എന്നു കാണാം.

## അവൻ ക്രിസ്തുവിൽ വിശ്വസ്തനായിരുന്നു (പ്രവൃത്തി 1:22)

ക്രിസ്തുവിൽ വിശ്വസ്തമായിരിക്കേണ്ടതിന്റെ ഉദ്ദേശത്തെയും കാലയളവിനെയും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വെളിപ്പാട് 2:10). ക്രിസ്തുവിന് കീഴ്പ്പെട്ടുകൊണ്ടു സത്യവഴിയിൽ സഞ്ചരിക്കുന്നവനാണല്ലൊ യഥാർത്ഥ ക്രിസ്തു ശിഷ്യൻ. ക്രിസ്തുവിനു വേണ്ടി മരിക്കാൻ പോലും തയ്യാറായ വിശ്വാസമായിരുന്നു ഒന്നാം നൂററാണ്ടിലെ കർത്താവിന്റെ ശിഷ്യന്മാരുടേത്. വിശ്വസ്തത എന്ന വാക്കിന്റെ അർത്ഥം തന്നെ വിധേയത്വത്തോടുകൂടിയ ആശ്രയമാണ്. ബർശബ്ബായിൽ ഇവയെല്ലാം വിശദമാക്കാം. യോഹന്നാൻ സ്നാപകന്റെ നാൾ മുതൽ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം വരെ ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടവനായിരുന്നു ബർശബ്ബാ. യേശുക്രിസ്തുവിന്റെ കഠിനമായ ഉപദേശ സമയത്തുപോലും അവൻ പിടിച്ചു നിന്നു (യോഹന്നാൻ 6:66-

69). കാൽവരിയിൽ പരാജയപ്പെട്ടു എന്നു തോന്നിയേക്കാമായിരുന്നിട്ടും അവൻ പിൻവാങ്ങി പോയില്ല (പ്രവൃത്തി 1:22). ദൈവത്തിന്റെ കണ്ണുകളിൽ വിശ്വാസ്തതക്കു വലിയൊരു സ്ഥാനമുണ്ട്.

## ആത്മീയ നായകൻ ആയി അവൻ തിരിച്ചറിയപ്പെട്ടിരുന്നു (പ്രവൃത്തി 1:23)

ഈ വിഷയത്തിൽ ലേഖകൻ വ്യക്തമാക്കുന്നതു അർത്ഥവത്താകുന്നു. ആത്മീയമായ ശ്രേഷ്ഠത സൂക്ഷിക്കുന്ന ഒരു ശിഷ്യനാകകൊണ്ടത്രെ കൂട്ടത്തിൽ നിന്നു അവന്റെ പേരും നിയമിക്കപ്പെടുവാൻ തിരഞ്ഞെടുത്തത്. നേതൃസ്ഥാനത്തേക്കു വരുവാൻ സമ്മതനായിരുന്നു എന്നർത്ഥം. തീഷ്ണതയും അതേ സമയം വിനയവും അനുസരണവും ഉള്ള ശിഷ്യനായിരുന്നു അവൻ (1 പത്രോസ് 2:5-9). ക്രിസ്തു സൂചിപ്പിച്ചതുപോലെ ലോകത്തിനു വെളിച്ചവും ഉപ്പുമായിരുന്നു. ഇവ രണ്ടും എത്ര ഉപകാര പ്രദമാണെന്നു നമുക്കറിയാമല്ലൊ (മത്തായി 5:14). വാഞ്ഛ ഉള്ളവനായിരുന്നു (പ്രവൃത്തി 1:22-23).

കടമ ചെയ്യുന്നതിൽ നിന്നു ഒരിക്കലും പിൻ വലിയുന്നവനായിരുന്നില്ല ബർശബാ എന്നു സന്ദർഭം വിവരിക്കുന്നു. അപ്പൊസ്തലനെ തിരഞ്ഞെടുക്കുവാൻ ചീട്ടിടുമ്പോൾ തന്റെ പേർ ഇടാതിരിക്കാൻ യാതൊരു ഒഴിവുകഴിവും അവൻ പറഞ്ഞില്ല. യോഗ്യതയുള്ളവരും സേവന സന്നദ്ധരും ആയ ആളുകൾ വളരെ വിരളമാണ്. ഇതാ ഞാൻ, എന്നെ അയക്കേണമേ എന്നു പറഞ്ഞ യെശയ്യാവിനെ പോലെയുള്ളവരാണ് ദൈവത്തിന് ആവശ്യം (യെശയ്യാവ് 6:8). സ്വമനസാലെ അപ്പൊസ്തലന്റെ ജോലി ചെയ്യുവാൻ ഒരുക്കമുള്ളവനായിരുന്നു ബർശബാ (പ്രവൃത്തി 1:25).

★

# എവിടെ ക്രിസ്ത്യാനികൾ ഏററവും കൂടുതൽ വളരുന്നു?

## ഗ്ലെൻ കോളെ

എന്റെ ഓർമ്മയിൽ നില്ക്കുന്നതും ബാല്യം മുതൽ കേട്ടു വരുന്നതും ഉപദേശിച്ചു വരുന്നതുമായ പല കാര്യങ്ങളും ഉണ്ട്. അവയിൽ സഭയുടെ പ്രവർത്തികളും ഉണ്ട്. സഭയുടെ പ്രവർത്തികളെ മൂന്നായി തരം തിരിച്ച് പഠിപ്പിച്ച് വരാറുണ്ട്. അവ സുവിശേഷ പ്രഘോഷണം, ധർമ്മം കൊടുക്കൽ അഥവാ സഹായം ചെയ്യൽ, പ്രബോധനം അഥവാ ആത്മീക വർദ്ധനവ് എന്നിവയാണ്. ഇന്നും അതിനു വിലയുണ്ടെന്നു പറയാതെ വയ്യ. സുവിശേഷ പ്രഘോഷണം എന്നതുകൊണ്ടു അർത്ഥമാക്കുന്നതു: നഷ്ടപ്പെട്ട ആത്മാക്കളെ കുറിച്ച് എരിവോടെ ആളുകളോടു സുവിശേഷം അഥവാ രക്ഷാമാർഗ്ഗം അറിയിക്കുക എന്നതാണ്. ആവശ്യമുള്ളവരെ തക്ക സമയത്തു സഹായിക്കുന്നതാണ് ധർമ്മ പ്രവർത്തി കൊണ്ടുദ്ദേശിക്കുന്നത്. ഹൃദയത്തിൽ അലിവു തോന്നി ചെയ്യുന്ന പ്രവൃത്തിയാണത്. ഇവയെല്ലാം നമുക്കു സുപരിചിതമായിരിക്കാം. എന്നാൽ എന്താണീ ആത്മീക വർദ്ധനവ്? വാസ്തവത്തിൽ അതു ഗ്രഹിക്കാത്തവരും ചെയ്യാത്തവരും ലഭിക്കാത്തവരും നിരവധിയുണ്ട് സമൂഹത്തിൽ.

ആത്മീക വർദ്ധനവ് എന്ന വാക്ക് നമുക്കു കിട്ടിയിരിക്കുന്നത് ''ഓക്കോ ഡോമിയോ'' എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. അതിന്റെ അർത്ഥം പണിയുക എന്നമാണ്. നിർമ്മാണം പലതുണ്ട്. എന്നാൽ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം മനസിലാക്കാൻ യേശുക്രിസ്തുവിന്റെ ഉപദേശം നമ്മെ സഹായിക്കും. യേശുക്രിസ്തുവിന്റെ വാക്കുകൾ കേൾക്കുകയും അങ്ങനെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യൻ ഇന്നവനോടു

സദൃശൻ എന്നു പറയുകയുണ്ടായി. അവൻ ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാണ്. കാരണം അവൻ ആഴെ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ടു വീടു പണിയുന്നു. അവിടെ പണിയുന്നു എന്ന വാക്കിനു ഉപയോഗിച്ച ഗ്രീക്കു വാക്കാണ് പ്രബോധനം എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്നത്. ഭൗതിക വിദ്യാഭ്യാസത്തിൽ വ്യക്തിത്വ വികസനത്തിനായി ക്ലാസുകൾ നടത്താറുണ്ട്. എന്നാൽ ഒരാളെ ആത്മീയമായി പണിയേണ്ടിയിരിക്കുന്നു. ഉപയോഗ പ്രദമായ നിലനില്പിനാണ് ഏതു നിർമ്മാണവും നടത്തുന്നതു. പ്രബോധനം ആ ഉദ്ദേശത്തോടെയാണ് കാണേണ്ടത്.

ഒരു ധനവാനായ മനുഷ്യൻെറ ഉപമ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നുണ്ട്. അവൻെറ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ ചില തീരുമാനങ്ങൾ എടുക്കുന്നുണ്ട്. അവൻെറ പഴയ കളപ്പുര പൊളിച്ചു വിസ്താരമേറിയതു പണിതു ധാന്യങ്ങൾ ഏറിയ ആണ്ടത്തേക്കു ശേഖരിച്ചുവെക്കും എന്നായിരുന്നു അവൻെറ ഉള്ളിൽ ഉണ്ടായിരുന്നതു. അവിടെ പണിയും എന്ന വാക്കിനു ഉപയോഗിച്ചതായ ഗ്രീക്കു വാക്കും മറെറാന്നായിരുന്നില്ല. പ്രബോധനം അപ്പോൾ ഒരു പണിയാണെന്നു പറയാം. കെട്ടിടങ്ങൾ മാത്രമല്ല പണിയുന്നതു ക്രിസ്ത്യാനികളെയും പണിയേണ്ടതാവശ്യമാണ്. അതാണ് പ്രബോധനം ആവശ്യപ്പെടുന്നത്. സ്ത്രീയായാലും പുരുഷനായാലും ഇതു ഒഴിച്ചുകൂടാനാവാത്തതാണ് (ലൂക്കൊസ് 12:18).

അപ്പൊസ്തലനായിരുന്ന പൌലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ ഈ ഉദ്ദേശത്തെ വ്യക്തമാക്കുന്നുണ്ട്.

(ശേഷം അടുത്ത ലക്കത്തിൽ)

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34,
Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To